"ഭരണഭാഷ - മാതൃഭാഷ"

**കേരളസർക്കാർ**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ്

നമ്പർ. ഒ എൽ-3/154/2023/പി&എ ആർ ഡി

തിരുവനന്തപുരം,
തീയതി: 05/12/2023

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ് - ഭരണഭാഷ സംബന്ധിച്ച നിർദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതു സംബന്ധിച്ച്.

സൂചന :-
1. 04.02.2006 ലെ ജി.ഒ(ആർ.ടി) നം.21/2006/പി&എ ആർ ഡി
2. 13.01.2015 ലെ ജി.ഒ(പി)നം.2/2015/പി&എ ആർ ഡി
3. 13.01.2015 ലെ ജി.ഒ(പി)നം. 3/2015/പി&എ ആർ ഡി
4. 13.11.2015 ലെ 20540/ഒ.എൽ 3/15/പി&എ ആർ ഡി നമ്പർ സർക്കുലർ
5. 14.03.2017 ലെ ജി.ഒ(പി)നം.4/2017/പി&എ ആർ ഡി
6. 09.05.2022 ലെ ജി.ഒ(പി)നം. 4/2022/പി&എ ആർ ഡി

കേരളസംസ്ഥാനത്തിന്റെ ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളമായിരിക്കണമെന്ന സർക്കാരിന്റെ പ്രഖ്യാപിതലക്ഷ്യം കൈവരിക്കുന്നതിലേക്കായി സൂചന പ്രകാരം വിവിധ ഉത്തരവുകളും നിർദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ സമയബന്ധിതമായി നടപ്പിലാക്കണമെന്ന് നിരവധി തവണ നിർദേശിച്ചിരുന്നുവെങ്കിലും പല വകുപ്പുകളും സ്ഥാപനങ്ങളും അതു പാലിച്ചിട്ടില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെച്ചേർത്തിരിക്കുന്ന നടപടികൾ എല്ലാ വകുപ്പുതലവന്മാരും സർക്കാർ, അർധസർക്കാർ, പൊതുമേഖല, സ്വയംഭരണ, സഹകരണസ്ഥാപന മേധാവികളും **30.12.2023 നകം** പൂർത്തീകരിക്കേണ്ടതാണ്.

1. ഓഫീസുകളിലെ എല്ലാ ബോർഡുകളും ആദ്യനേർപകുതി മലയാളത്തിലും രണ്ടാംനേർപകുതി ഇംഗ്ലീഷിലും പ്രദർശിപ്പിക്കേണ്ടതാണ്.
2. വാഹനങ്ങളുടെ ബോർഡുകൾ മുൻവശത്ത് മലയാളത്തിലും പിൻവശത്ത് ഇംഗ്ലീഷിലും ഒരേ വലിപ്പത്തിൽ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.
3. ഓഫീസ്മുദ്രകൾ, ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗികപദവിയുമടങ്ങുന്ന തസ്തികമുദ്രകൾ എന്നിവ മലയാളത്തിൽക്കൂടി തയ്യാറാക്കേണ്ടതാണ്.
4. ഹാജർപുസ്തകം, സ്റ്റ്യൂട്ട്രജിസ്റ്റർ തുടങ്ങി ഓഫീസുകളിലെ എല്ലാ രജിസ്റ്ററുകളും മലയാളത്തിൽ . തയ്യാറാക്കി മലയാളത്തിൽത്തന്നെ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.
5. ഫയലുകൾ പൂർണ്ണമായും മലയാളത്തിൽ കൈകാര്യം ചെയ്യേണ്ടതാണ്. സൂചന 2 ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ഏഴു സാഹചര്യങ്ങളിലും ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ എന്നിവ ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലുമൊഴികെ ഫയൽനടപടി പൂർണ്ണമായും മലയാളഭാഷയിലായിരിക്കേണ്ടതും, മേൽ സാഹചര്യത്തിൽ ഇംഗ്ലീഷ്/ന്യൂനപക്ഷഭാഷയിൽ കത്തുകൾ തയ്യാറാക്കുമ്പോൾ കുറിപ്പുഫയൽ മലയാളത്തിലായിരിക്കേണ്ടതുമാണ്.

6. മലയാളദിനപത്രങ്ങൾക്കു നൽകുന്ന പരസ്യങ്ങൾ, ടെണ്ടർ ഫാറങ്ങൾ എന്നിവ പൂർണ്ണമായും മലയാളത്തിൽ നൽകേണ്ടതാണ്.
7. ഭരണരംഗത്ത്, 2022-ലെ ലിപിപരിഷ്കരണനിർദേശപ്രകാരമുള്ള ഫോണ്ടുകൾ ഉപയോഗിക്കേണ്ടതാണ്. ഇവ കേരളസർക്കാരിന്റെ വെബ്പോർട്ടലിൽ (kerala.gov.in/malayalamfont) ലഭ്യമാണ്.

**ഉദയകുമാർ എസ് ആർ**
**ജോയിന്റ് സെക്രട്ടറി**

എല്ലാ ജില്ലാകളക്ടർമാർക്കും/ എല്ലാ വകുപ്പുതലവന്മാർക്കും/ എല്ലാ ജില്ലാമേധാവികൾക്കും
സർക്കാർനിയന്ത്രണത്തിലുള്ള പൊതുമേഖല/ അർധസർക്കാർ/ സഹകരണ/ സ്വയംഭരണസ്ഥാപനങ്ങളുടെ തലവന്മാർക്ക്.
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പ്രസിദ്ധീകരണത്തിന്)

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ